**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3143** **11-03-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നഷ്ടപരിഹാര ഇനത്തിൽ സംസ്ഥാനം നൽകേണ്ടത് എത്ര കോടി രൂപയാണെന്നും പ്രസ്തുത തുക ഏത് രീതിയിൽ കണ്ടെത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ) | വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കാനുള്ള തുകയുടെ 50%, സർവീസ് റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ തുക, നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതിയിലെ സംസ്ഥാന വിഹിതം/റോയൽറ്റി എന്നിവ വേണ്ടെന്ന് വയ്ക്കുക എന്നീ വ്യവസ്ഥകൾ ഉൾപ്പെട്ട കരാർ ഒപ്പ് വയ്ക്കുന്നതിന് സംസ്ഥാനം അനുമതി നൽകിയിട്ടുണ്ട്. ഇത് മൂലം ഏകദേശം 1629.24 കോടി രൂപ ബാധ്യത ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |

| | |
|---|---|
| ഭൂമി ഏറ്റെടുക്കലിന്റെ 50% തുക | 930.41 കോടി രൂപ |
| സർവീസ് റോഡ് നിർമ്മാണത്തിനാവശ്യമായ തുക | 477.33 കോടി രൂപ |
| നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതിയിലെ സംസ്ഥാന വിഹിതം വേണ്ടെന്ന് വയ്ക്കുന്നത് മൂലമുള്ള ബാധ്യത | 210.63 കോടി രൂപ |
| നിർമ്മാണ വസ്തുക്കളുടെ റോയൽറ്റി വേണ്ടെന്ന് വയ്ക്കുന്നത് മൂലമുള്ള ബാധ്യത | 10.87 കോടി രൂപ |
| **ആകെ** | **1629.24 കോടി രൂപ** |

ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുകയുടെ 50% ( ഏകദേശം 930.41 കോടി രൂപ) കിഫ്ബി മുഖേന നൽകുന്നതിനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്, സർവീസ് റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ തുക (ഏകദേശം 477.33 കോടി രൂപ ) MIDP (Major Infrastructure Development Projects) യുടെ ഭാഗമാക്കി 5 വർഷത്തിനുള്ളിൽ ദേശീയപാത അതോറിറ്റിക്ക് നൽകുന്നതിനും,നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന

| | | | |
|---|---|---|---|
| | | | നികുതിയിലെ സംസ്ഥാന വിഹിതം/റോയൽറ്റി എന്നിവ വേണ്ടെന്ന് വയ്ക്കുന്നതിനും ഉള്ള വ്യവസ്ഥകൾ അടങ്ങിയ കരാറിനാണ് അനുമതി നൽകിയിരിക്കുന്നത് |
| (ബി) | കിഫ്ബിയുടെ പ്രവർത്തനം പ്രതിസന്ധിയിൽ ആയിട്ടുള്ള സാഹചര്യത്തിൽ, ഫണ്ട് കണ്ടെത്തുന്നതിന് മറ്റെന്തെങ്കിലും മാർഗ്ഗങ്ങൾ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | എ പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ